# ലൂക്കാ 6. 27-36
# ശത്രുക്കളെ സ്നേഹിക്കുവിൻ

ആർക്കും ഉൾകൊള്ളാനോ സ്വന്തമാക്കാനോ സാധിക്കാത്ത ഒരു ദർശനമോ മൂല്യമോ ജീവിതരീതിയോ പ്രതീക്ഷിച്ച് വ്യത്യസ്ഥനാകാൻ ശ്രമിച്ചവനല്ല നമ്മുടെ നാഥനും ഗുരുവുമായ യേശുനാഥൻ. ഒരുവന്റെ സ്വാഭാവിക മാനുഷികപ്രകൃതിയെ ദൈവികമായ നിലപാടുകളാൽ കീഴ്പെടുത്താൻ സാധിക്കുമെന്നും അങ്ങനെ സാധിച്ചാൽ അതാണ് തന്റെ അനുയായികളെ വ്യത്യസ്തരാക്കുകയെന്നും ആദ്യമേ പഠിപ്പിക്കുകയും പിന്നീട് സ്വജീവിതത്തിലൂടെ പ്രാവർത്തികമാക്കി മാതൃകയും പ്രചോദനവും വെല്ലുവിളിയും ആയവൻ ആണ് നമ്മുടെ നാഥൻ. അത്തരത്തിൽ ക്രിസ്ത്യാനിയെ ലോകത്തില് വ്യതിരക്തരമാക്കേണ്ട ഒരു ജീവിതനിയമമാണ് ഇന്നത്തെ സുവിശേഷത്തിലൂടെ യേശു പഠിപ്പിക്കുന്നത്. "ശത്രുക്കളെ സ്നേഹിക്കുവിൻ നിങ്ങളെ ദ്വേഷിക്കുന്നവർക്ക് നന്മ ചെയ്യുവിൻ. തിരിച്ചു കിട്ടുമെന്ന് പ്രതീക്ഷിക്കാതെ മറ്റുള്ളവർക്ക് നന്മ ചെയ്യുകയും വായ്പ കൊടുക്കകയും ചെയുവിൻ."

"കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്" എന്ന പഴയനിയമ ധാർമികവ്യവസ്ഥയെ അതിശയിക്കുന്ന പുതിയ നിയമ ധാർമികതയാണ് "ഒരു ചെകിട്ടത്ത് അടിക്കുന്നവന് മറ്റേ ചെകിട് കൂടി കാണിച്ചു കൊടുക്കുക" എന്നത്. അടിച്ചവനെ തിരിച്ചടിക്കാൻ കഴിഞ്ഞില്ലെങ്കിൽ അതു പരാജയമായി കാണുന്ന ലോകത്താണ് നാം ജീവിക്കുന്നത്. സ്വയം തിരിച്ച് അടിക്കാൻ സാധിച്ചില്ലെങ്കിൽ കൈയിലുള്ള പണം നൽകി കൊട്ടേഷൻ സംഘത്തെ ഏർപ്പാടാക്കുന്ന ഒരു ലോകം. അതിനും സാധിച്ചില്ലെങ്കിൽ ഏറ്റവും കുറഞ്ഞത് അവനെ ശപിക്കുകയോ, അവന്റെ നാശം കാണാൻ ആഗ്രഹിക്കുകയോ ചെയ്യുക. അങ്ങനെയുള്ള നമ്മെ സമ്പന്ധിച്ചിടത്തോളം ഈ വചനവും ജീവിതരീതിയും കഠിനമാണ്. ശത്രുവിനെ ഇല്ലായ്മ ചെയ്യലല്ല മറിച്ച് സ്നേഹിച്ച് സ്വന്തമാക്കുന്നതാണ് ക്രിസ്തുമാർഗം. അതുകൊണ്ട്തന്നെയാണ് ലൂക്കാ 23:34-ൽ പിതാവേ "അവർ ചെയുന്നത് എന്തെന്ന് അവർ അറിയുന്നില്ല അവരോട് ക്ഷമിക്കണേ" എന്ന ഈശോയുടെ കുരിശിൽ കിടന്നുകൊണ്ടുള്ള പ്രാർത്ഥന അന്നും ഇന്നും ലോകത്തെ വെല്ലുവിളിക്കുന്നത്. ഇതു എങ്ങനെ സാധിക്കും! യേശു ദൈവമായതു കൊണ്ടല്ലേ ഇങ്ങനെ സാധിച്ചത്? നമ്മൾ വെറും മനുഷ്യര് മാത്രമല്ലേ? ന്യായമായ ചോദ്യം? എങ്കിൽ, ചില പച്ചയായ മനുഷ്യരെ പരിചയപെടുത്തട്ടെ!

സഭയുടെ ആദ്യ രക്തസാക്ഷി സ്തെഫാനോസ്! തന്നെ കല്ല് എറിഞ്ഞു കൊല്ലുവാൻ ശ്രമിക്കുന്നവർക്ക് വേണ്ടി മുട്ടുകുത്തി വലിയ സ്വരത്തില് അവൻ അപേക്ഷിച്ചു. കർത്താവെ ഈ പാപം അവരുടെ മേൽ ആരോപിക്കരുതെ. (അപ്പ. 7:60). വി. റീത്തയുടെ ഭർത്താവു കൊല്ലപെടുകയാണ് ഉണ്ടായത്. ശവസംസ്കാരത്തിനിടയിൽ കരയുന്ന തങ്ങളുടെ അമ്മയെ ആശ്വസിപ്പിച്ചു കൊണ്ട് മക്കൾ പറഞ്ഞു. അമ്മ കരയണ്ട, ഞങ്ങൾ വലുതായി കൊള്ളട്ടെ, പപ്പയുടെ ഘാതകരെ ഞങ്ങള് വധിച്ചുകൊള്ളാം. തന്റെ ആ രണ്ടു മക്കൾക്ക് വേണ്ടി ദേവാലയത്തിൽ മുട്ടുകുത്തി ആ അമ്മ പ്രാർത്ഥിച്ചത് എന്താണെന്നോ? ദൈവമേ ഈ മക്കളുടെ ഹൃദയത്തിൽ നിന്ന് അവരുടെ പപ്പയുടെ ഘാതകരോടുള്ള വെറുപ്പ് എനിക്ക് എടുത്തു മാറ്റാൻ സാധിച്ചില്ലെങ്കിൽ നീ അവരുടെ ജീവനെ തിരിച്ചു എടുത്തുകൊള്ളണമേ. ലോകം മുഴുവനുമുള്ള ജനഹൃദയങ്ങളെ കീഴടക്കിയ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ പരിശുദ്ധാത്മാവിനാൽ പ്രചോദിതനായി ക്രിസ്ത്യാനികൾ ലോകത്തോട് ചെയ്ത എല്ലാ തെറ്റുകൾക്കും പരസ്യമായി ക്ഷമ ചോദിച്ചു. മാത്രമല്ല, തന്റെ നേരെ നിറയൊഴിച്ച അലി അഗ്ക്ക എന്ന യുവാവിനെ ജയിലിൽ ചെന്ന് കണ്ട് അവനോടു ക്ഷമിച്ച് അവനെ കെട്ടിപ്പിടിച്ചത് അനുരന്ജനത്തെ കുറിച്ചുള്ള തന്റെ അപ്പോസ്തോലിക പ്രബോധനം ഒപ്പ് വയ്ക്കുന്നതിനു തൊട്ടുമുൻപാണ് എന്നത് ശത്രുവിനോടുള്ള സ്നേഹം ആഴമായി ഉൾകൊണ്ടതിന്റെ അടയാളമായി നാം മനസ്സിലാക്കുന്നു.

തന്റെ അഗതികളായ മക്കൾക്ക് വേണ്ടി കൈ നിട്ടിയപ്പോൾ കാർക്കിച്ചു തുപ്പിയ സഹോദരനോട് എനിക്കിതുമതി ഇനി എന്റെ മക്കൾക്ക് എന്തെങ്കിലും തരു എന്ന് പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു കടന്നു പോയ കൽക്കത്തയിലെ മദർ തെരേസ. മദർ തന്റെ ആശ്രമത്തിൽ എത്തുന്നതിനു മുൻപേ ഭക്ഷ്യയോഗ്യമായ ഒരുപാടു സാധനങ്ങളുമായി തൊഴുകൈയോടെ തന്നെ എതിരേറ്റ അതെ സഹോദരൻ അവളിൽ കണ്ടതും ശത്രുസ്നേഹത്തിന്റെ ക്രിസ്തു അനുകരണമാണ്. റാണി മരിയ എന്ന തന്റെ സഹോദരിയെ കൊലപ്പെടുത്തിയ ദാരാസിംഗിന്റെ കൈയിൽ രാഖി അണിയിച്ചു കേരളത്തിലെ തന്റെ ഭവനത്തിലേക്ക് കൂട്ടികൊണ്ടുവന്ന് മാതാപിതാക്കൾക്കൊപ്പം അവന് ഭക്ഷണം വിളമ്പികൊടുത്ത സിസ്റ്റർ റാണി മരിയയുടെ സഹോദരി നടന്നതും ക്രിസ്തുവഴിയെ ആണ്. ഇവരാരും ദൈവമയിരുന്നില്ല. മറിച്ച്, തങ്ങളുടെ സ്വാഭാവിക മാനുഷിക പ്രവണതയെ പ്രാർത്ഥനകൊണ്ടും വചനം കൊണ്ടും കീഴ്പെടുത്തി ദൈവീകതായാൽ നിറഞ്ഞവർ ആണ്.

ഒരു ക്രിസ്ത്യാനിയുടെ ശത്രു ഒരു ഹൈന്ദവനോ, മുസ്ലീമോ ഏതെങ്കിലും പ്രത്യയശാസ്ത്ര വാഹകനോ അല്ല. മറിച്ച്, മറ്റൊരു ക്രിസ്ത്യാനി ആണ്. ഇന്ന് ഏറ്റവും കൂടുതൽ ശത്രുതയും ഭിന്നിപ്പും ഉള്ളവർ ക്രിസ്ത്യാനികൾ തമ്മിൽ തമ്മില് ആണെന്ന് പറഞ്ഞാൽ അതിശയോക്തിയാവില്ല. ഭാര്യക്ക് ഭർത്താവും, ഭർത്താവിന് ഭാര്യയും, മാതാപിതാക്കൾക്ക് മക്കളും, മക്കൾക്ക് മാതാപിതാക്കളും, മരുമകൾക്ക് അമ്മായിയമ്മയും, അമ്മായിയമ്മക്ക് മരുമകളും, കൂടപ്പിറപ്പുകൾ തമ്മിൽ തമ്മിലും പരസ്പരം ശത്രുക്കളെപ്പോലെ പെരുമാറുകയും അവരുടെ നാശം ആഗ്രഹിക്കുകയും ചെയ്യുന്ന പ്രതികരണസംസ്കാരം.

ശത്രുവിനെ ആക്രമിച്ചു കീഴുപെടുത്തുകയല്ല അവന്റെ ഹൃദയത്തിൽ ചേക്കേറി അവനെ തന്റെയും തമ്പുരാന്റെയും സ്വന്തക്കാന് സാധിച്ചില്ലെങ്കിൽ ഞാന് എന്തിന് ഒരു ക്രിസ്ത്യാനിയാണ് എന്ന് അഭിമാനിക്കണം. തന്നെ മാനസികമായും ശാരീരികമായും പീഡിപ്പിച്ച ഒരാളെ ശത്രുവായി കണ്ട് ഊണിലും ഉറക്കത്തിലും എങ്ങനെ അവനോടു അല്ലെങ്കിൽ അവളോട് പ്രതികാരം ചെയ്യാം എന്ന് ആലോചിച്ച് വെറുപ്പും വിദ്വേഷവും മനസ്സിൽ കുത്തിനിറച്ചു സ്വയം രോഗികളായി മാറുന്ന നമുക്ക് അവനും അവൾക്കും വേണ്ടി പ്രാർത്ഥിക്കാൻ കഴിഞ്ഞാൽ നമ്മുടെമേലും അവന്റെ മേലും സുവിശേഷത്തിന് വിജയം വരിക്കാൻ സാധിക്കുമെന്ന ബോധ്യത്തിലേക്ക് വളരാൻ ഈ വിശുദ്ധ കുർബാന നമ്മെ സഹായിക്കട്ടെ. ആമ്മേൻ

**Fr Justin Kolamkanny , Diocese of Palghat**